ശ്രീ. പി. പി. ഉമ്മർകോയ : മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികളും ഈ പദ്ധതിക്കാലത്തുതന്നെ പൂർത്തിയാക്കുമെന്നു പറയുവാൻ സാദ്ധ്യമല്ല. സാമ്പത്തികമായ വിഷമമാണു് അതിന്റെ പ്രധാനകാരണം. കൊട്ടാരക്കരയിൽ ഒരു ടൂറിസ്റ്റു ലോഞ്ചു് നിർമ്മിക്കുന്ന കാര്യം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും അതിന്റെ പണി ഈ പദ്ധതിക്കാലത്തു നടത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. അതിനാവശ്യമായ സ്ഥലം, സ്ഥലഉടമസ്ഥൻ പൊസഷൻ നല്കാൻ തയ്യാറായിരുന്നുവെങ്കിലും ആ സ്ഥലം ഗവണ്മെന്റു് ഏറ്റെടുത്തിട്ടില്ല.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഈ ടൂറിസ്റ്റു് ഇടപാടുകളിൽ മൊത്തത്തിൽ ഗവണ്മെന്റിനു് ആദായമാണോ, അതോ നഷ്ടമാണോ ഉള്ളതു് ? മന്ത്രി മാർക്കു് താമസിക്കുവാനായിട്ടു് ടൂറിസ്റ്റു് ബംഗ്ലാവുകളിൽ സൗകര്യം ചെയ്യുന്നതിന്റെ ഫലമായിട്ടു് യാതൊരു കാര്യവുമില്ലാതെ അനവധി മുറികളിൽ കൂടി 70,000 ത്തിൽ അധികം രൂപ ഒരാണ്ടിൽ ഗവണ്മെന്റിനു് നഷ്ടം വരുന്നുണ്ടെന്നറിയാമോ ?

Mr. Speaker : The hon. member has raised this question once.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : എന്നിട്ടും നന്നാകുന്നില്ല. പറഞ്ഞതു കൊണ്ടായോ ? ഈ നഷ്ടം വരാതിരിക്കുന്നതിനു് ഗവണ്മെന്റു് എന്തെങ്കിലും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഇതു് ആദായത്തിനുവേണ്ടി നടത്തുന്ന ഒരേർപ്പാടല്ല. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി ആദായം നോക്കാതെതന്നെ ഈ വക സൌകര്യകുറവു് ഉണ്ടാക്കിയിരിക്കുകയാണു്. മന്ത്രിമാർക്കു് ഇന്നനുവദിച്ചിട്ടുള്ള സൌകര്യം ഇല്ലായ്മ ചെയ്തുകൊണ്ടു് ആദായമുണ്ടാക്കാൻ ഗവണ്മെന്റിനുദ്ദേശമില്ല.

ശ്രീ. സി. അച്യുതമേനോൻ: കോഴിക്കോട്ടു് ടൂറിസ്റ്റു് ബംഗ്ലാവല്ലാതെ കൊല്ലത്തും എറണാകുളത്തും മറ്റും ഉള്ളതുപോലെ നല്ല നിലയിലുള്ള ടി. ബി. ഒന്നുമില്ല. അതുകൊണ്ടു് ഗവണ്മെന്റു് അവിടെ വളരെയധികം മുറികളുള്ള ഒരു ടി. ബി. ഉണ്ടാക്കാൻ ആലോചിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ : ആലോചിക്കാം.

ഗ്രാമീണബാങ്കു്

* 297. [10] ശ്രീ. എം. രവീന്ദ്രനാഥു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സഹകരണവർഷത്തിൽ ഓരോ പ്രൈമറി ഗ്രാമീണബാങ്കിൽനിന്നും എത്ര തുക വീതം വായ്പയായി കൊടുത്തിട്ടുണ്ടു്;

(ബി) വായ്പ ശരിയായി കൊടുക്കുവാൻ ചില ബാങ്കുകൾക്കു് സാധിക്കാതെ വന്നതിന്റെ കാരണം എന്തെന്നു് അന്വേഷിച്ചിട്ടുണ്ടോ;

(സി) ഈ കുറവു പരിഹരിക്കുവാൻ വേണ്ട നടപടിയെടുക്കുമോ ?

ക്ഷീരവികസനമന്ത്രി (ശ്രീ ഈ. പി. പൗലോസു്) :

(എ) 1963–64 സഹകരണവർഷത്തിൽ 31-12-1963 വരെ ഓരോ ഗ്രാമീണബാങ്കിൽനിന്നും കൊടുത്തിട്ടുള്ള വായ്പകളുടെ വിവരം ചുവടെ ചേർക്കുന്നു:

		രൂപ	ന.പൈസ
തിരുവനന്തപുരം	ഗ്രാമീണബാങ്കു്	3,25,732	55
കൊല്ലം	,,	4,70,655	00
ആലപ്പുഴ	,,	2,15,252	00
കോട്ടയം	,,	3,31,245	00
മീനച്ചിൽ (പാലായ്)	,,	34,700	00

LIBRARY ARCHIVES Kerala Legislative Assembly

	ഭ്രേണയബാങ്കു്	രൂപ	ന. പൈസ
എറണാകുളം	,,	26,313	00
കൊച്ചി (തൃശ്ശൂർ)	,,	2,86,234	33
പാലക്കാടു്	,,	2,48,277	00
പെരിന്തൽമണ്ണ	,,	34,500	00
കോഴിക്കോടു്	,,	2,74,124	50
തലശ്ശേരി	,,	1,38,025	00
വയനാടു് (പനമരം)	,,	1,57,100	00
കാസർകോടു്	,,	2,14,461	75

(ബി) വായ്പാപേക്ഷയ്ക്കുവേണ്ടി എല്ലാനടപടികളും പൂർത്തിയായതിനു ശേഷം വായ്പകൊടുക്കുവാൻ സാധിക്കാതെ വന്നിട്ടുള്ള യാതൊരു സംഭവവും ശ്രദ്ധയിൽ വന്നിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. രവീന്ദ്രനാഥ് : ഏററവും കുറഞ്ഞ തുക കൊടുത്തിരിക്കുന്ന സ്ഥലങ്ങളിൽ കൂടുതൽ സംഖ്യ വായ്പ കൊടുക്കുവാൻ ഗവണ്മെൻറു നടപടി എടുക്കുമോ?

ശ്രീ. ഈ. പി. പൗലോസു് : അവിടെ പ്രോസസ് ചെയ്യുകഴിഞ്ഞിരിക്കുന്ന വായ്പാപേക്ഷകളും എല്ലാം പൂർത്തിയാക്കുവാൻ സെൻട്രൽ ബാങ്കിലേക്കു അയച്ചു കൊടുത്തിട്ടുണ്ടെന്നാണു് പറയുന്നതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പണം കൊടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനു് എന്തെങ്കിലും നടപടിയെടുക്കുവാൻ ആലോചിക്കുന്നുണ്ടോ? ഈയിടെ ഒരു കാൺഫറൻസുകൂടി ഇതെസംബന്ധിച്ചു ചില ആലോചനകളെല്ലാം നടത്തുകയുണ്ടായി. അതിൻെറ ഫലമായിട്ടു കാലതാമസം ഒഴിവാക്കുന്നതിനു് ഫലപ്രദമായ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : വളരെ കുഴപ്പങ്ങളുള്ള ഒരു വസ്തുവാണു് വായ്പയ്ക്കു് ജാമ്യം കൊടുക്കുന്നെങ്കിൽ അതിൻെറ ബാദ്ധ്യത തിട്ടപ്പെടുത്തുവാൻ കുറെ താമസം വേണ്ടിവരും. അതിനും പുറമേ ലീഗൽ അഡ്വൈസു് മുതലായതും എടുക്കേണ്ടതുണ്ടു്. അതെല്ലാം കഴിഞ്ഞിട്ടുവേണം പണം കൊടുക്കുവാൻ. വസ്തു ജാമ്യമായി കൊടുക്കുന്ന കേസ്സുകളിൽ കുറെ താമസം വേണ്ടിവരും.

ശ്രീ. കെ. ആർ. വിജയൻ : പ്രൈമറി ഭ്രേണയബാങ്കിൽനിന്നു് അപേക്ഷകളും ശരിയാംവണ്ണം പരിശോധിച്ചതിനുശേഷം സെൻട്രൽബാങ്കിലേക്കു് അയച്ചിട്ടു് വായ്പ അനുവദിക്കുന്നതിനു വളരെയധികം കാലതാമസം വരുന്നുണ്ടു്. അതുകൊണ്ടാണു് ചില ബാങ്കുകളിൽ വായ്പ കൊടുക്കുന്നതിനു കാലതാമസം വരുന്നതു്. ഈ കാലതാമസം ഒഴിവാക്കുവാൻ എന്തെങ്കിലും നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ സാമാന്യമായി കൊടുത്തിട്ടുള്ള നിർദ്ദേശം ഒരു അപേക്ഷ കിട്ടിയാൽ മൂന്നുമാസത്തിനുള്ളിൽ അല്ലെങ്കിൽ ആറുമാസത്തിനകം കൊടുക്കണമെന്നാണു്.

കല്ലാർ പട്ടം കോളനി

* 298. [11] ശ്രീ. എൻ. ഗോപാലകുറുപ്പു് † : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലാർ പട്ടം കോളനിയിലെ താമസക്കാർക്കു് അവരുടെ ഭൂമിപതിച്ചുകൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അവരുടെ കൈവശഭൂമി പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

† Put by shri P. K. Kunjachan.

LIBRARY ARCHIVES Kerala Legislative Assembly